"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ ഇൻഫർമേഷൻ ബ്യൂറോയ്ക്ക് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പരസ്യ പ്രചാരണ പ്രവർത്തനങ്ങൾക്കായി തദ്ദേശകം ഗൈഡിന്റെ ധനവിനിമയത്തിനുള്ള അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകയിൽ നിന്നും അഞ്ച് ലക്ഷം രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഐ.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.334/2026/LSGD തീയതി,തിരുവനന്തപുരം, 07-02-2026

---

പരാമർശം:- 1. GO(P)No.102/2017/FIN ; തീയതി 07/08/2017.

2. സ.ഉ.(സാധാ)നം.2957/2025/LSGD; തീയതി 15/12/2025.

3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 05/02/2026 തീയതിയിലെ LSGD/506/2026-PR2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി തദ്ദേശകം 2026 ഗൈഡ് അച്ചടിക്കാൻ പരാമർശം (2) പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശകം 2026 ഗൈഡ് അച്ചടിച്ച് വിതരണം ചെയ്തിട്ടുള്ളതാണ്.

2. തദ്ദേശ സ്വയംഭരണ വകുപ്പ് നടത്തുന്ന ഒട്ടേറെ ജനോപകാരപ്രദങ്ങളായ പ്രവർത്തനങ്ങൾ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനാവശ്യമായ പ്രചാരണ പ്രവത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് തദ്ദേശ സ്വയംഭരണ ഇൻഫർമേഷൻ ബ്യൂറോയ്ക്ക് നടപ്പ് സാമ്പത്തിക വർഷം തുക വകയിരുത്തിയിട്ടില്ലെന്നും ആയതിനാൽ തദ്ദേശകം ഗൈഡിന്റെ ധനവിനിമയത്തിനുള്ള നീക്കിയിരുപ്പുള്ള തുകയിൽ നിന്നും അഞ്ച് ലക്ഷം രൂപ പരസ്യ പ്രചാരണങ്ങൾക്ക് ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടറുടെ പേരിലുള്ള കേരളാ കോ-ഓപ്പറേറ്റീവ്

ബാങ്ക് ലിമിറ്റഡ് തിരുവനന്തപുരം ഫോർട്ട് മെയിൻ ബ്രാഞ്ചിലെ തദ്ദേശകം ഗൈഡിന്റെ ധനവിനിമയത്തിനുള്ള അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകയിൽ നിന്നും അഞ്ച് ലക്ഷം രൂപ മാത്രം വകുപ്പിന്റെ പരസ്യ പ്രചാരണങ്ങൾക്ക് ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാമനാഥ് ജി

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് (വെബ് & ന്യു മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Geetha. T. S
സെക്ഷൻ ഓഫീസർ
Date: 09-02-2026 11:23:34